**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192** **15-10-2024 - ൽ മറുപടിയ്ക്ക്**

**ഒരാൾക്ക് ഒരു പെൻഷൻ മാത്രമായി നിജപ്പെടുത്തിയ ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്ന ഒരാൾക്ക് ഒരു പെൻഷൻ മാത്രമായി നിജപ്പെടുത്തി ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | 23.09.2020-ലെ സ.ഉ(എം.എസ്) നം.97/2020/ധന പ്രകാരം, 06/02/2017-ന് മുൻപ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങിവരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കാൻ അർഹത- യുണ്ടായിരിക്കുന്നതാണ്. 06/02/2017 മുതൽ ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടാ- യിരിക്കുകയുള്ളൂ. തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാപെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. 06/07/2018 തീയതിക്ക് മുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് ലഭിച്ചു വന്നിരുന്ന ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും ലഭിക്കുന്നതാണ്. എന്നാൽ 22.09.2022-ലെ സ.ഉ. (എം.എസ്) നം. 162/2022/ധന ഉത്തരവ് പ്രകാരം കേരള പ്രവാസി ക്ഷേമനിധി ബോർഡ്, കേരള മദ്രസ അദ്ധ്യാപക ക്ഷേമനിധി ബോർഡ്, കേരള അഡ്വക്കേറ്റ്സ് ക്ലർക്ക്സ് ക്ഷേമനിധി കമ്മിറ്റി, കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തു- കാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ്, എന്നീ തനത് ഫണ്ട് ബോർഡുകളിൽ നിന്നും പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.<br><br>• അർഹരായ വ്യക്തികൾക്ക് മാത്രമേ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നുള്ളൂവെന്ന് ഉറപ്പു വരുത്തുന്നതിനും |

| | | | |
|---|---|---|---|
| | | | ഒരേ വ്യക്തികൾ തന്നെ സർക്കാർ ധനസഹായത്തോടെ ഒന്നിലധികം പെൻഷനുകൾ കൈപ്പറ്റുന്നത് തടയുന്നതിനും വേണ്ടിയാണ് ടി നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത നടപടി മൂലം നിയമപരമായി ക്ഷേമനിധിയിലേക്ക് അംശദായം അടച്ച വ്യക്തികൾക്ക് ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്ന സാഹചര്യമുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | ആക്ടിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ ഉത്തരവിലൂടെ നിജപ്പെടുത്തുന്ന വിഷയം നിലവിൽ പരിശോധനയിലാണ്. അർഹരായ എല്ലാവർക്കും ഒരു ക്ഷേമ പെൻഷനെങ്കിലും ഉറപ്പുവരുത്തുക എന്നതാണ് സർക്കാർ നയം. എന്നാൽ അനുവദിക്കപ്പെടുന്ന ബോർഡു പെൻഷനു പുറമെ മറ്റ് ബോർഡ് പെൻഷനുകൾ കൈപ്പറ്റുവാൻ പാടില്ലായെന്ന് ക്ഷേമനിധി ബോർഡുകളുടെ ആക്ടിൽ/ബൈലായിൽ, വ്യവസ്ഥ ചെയ്യാത്തതിനാൽ ഇത് പലവിധ പരാതികൾക്കും വഴിതെളിച്ചിട്ടുണ്ട്. ഈ അപാകത പരിഹരിക്കുന്നതിനായി ബോർഡ് പെൻഷൻ അനുവദിക്കപ്പെടുന്ന ഒരാൾ മറ്റൊരു ക്ഷേമനിധി ബോർഡു പെൻഷൻ കൈപ്പറ്റുവാൻ പാടില്ല എന്ന വ്യവസ്ഥ ഉൾപ്പെടുത്തി എല്ലാ ക്ഷേമനിധി ബോർഡുകളുടേയും ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | നിയമസഭ പാസാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ ക്ഷേമനിധി പെൻഷനുകൾ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ നിജപ്പെടുത്തിയ നടപടി നിയമപരമായി നിലനിൽക്കുന്നതാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ആക്ടിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ ഉത്തരവിലൂടെ നിജപ്പെടുത്തുന്ന വിഷയം നിലവിൽ പരിശോധനയിലാണ്. അർഹരായ എല്ലാവർക്കും ഒരു ക്ഷേമ പെൻഷനെങ്കിലും ഉറപ്പുവരുത്തുക എന്നതാണ് സർക്കാർ നയം. എന്നാൽ അനുവദിക്കപ്പെടുന്ന ബോർഡു പെൻഷനു പുറമെ മറ്റ് ബോർഡ് പെൻഷനുകൾ കൈപ്പറ്റുവാൻ പാടില്ലായെന്ന് ക്ഷേമനിധി ബോർഡുകളുടെ ആക്ടിൽ/ബൈലായിൽ, വ്യവസ്ഥ ചെയ്യാത്തതിനാൽ ഇത് പലവിധ പരാതികൾക്കും വഴിതെളിച്ചിട്ടുണ്ട്. ഈ അപാകത പരിഹരിക്കുന്നതിനായി ബോർഡ് പെൻഷൻ അനുവദിക്കപ്പെടുന്ന ഒരാൾ മറ്റൊരു ക്ഷേമനിധി ബോർഡു പെൻഷൻ കൈപ്പറ്റുവാൻ പാടില്ല എന്ന വ്യവസ്ഥ ഉൾപ്പെടുത്തി എല്ലാ ക്ഷേമനിധി ബോർഡുകളുടേയും ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ